കെൽ-നെ പാലക്കാട് ജില്ലയിൽ നിലനിർത്താൻ നടപടി

16 [444] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന കെൽ എന്ന പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർക്ക് നിർബന്ധപൂർവ്വം വി.ആർ.എസ്. നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും നിവേദനം കിട്ടുകയുണ്ടായോ; വിശദമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ കെൽ എന്ന പൊതുമേഖലാ സ്ഥാപനത്തെ തന്നെ ഇല്ലാതാക്കി കാസർഗോഡ് യൂണിറ്റിലേക്ക് മാറ്റാനുള്ള മാനേജ്മെന്റ് തീരുമാനത്തിനെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പാലക്കാട് ജില്ലയിലെ കെൽ എന്ന പൊതുമേഖലാ സ്ഥാപനത്തെ നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിർബന്ധപൂർവ്വം വി.ആർ.എസ്. നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം സർക്കാരിൽ കിട്ടിയിട്ടില്ല. എന്നാൽ തൊഴിലാളി സംഘടനകളിൽനിന്നും കമ്പനിക്ക് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) കെൽ-ഒലവക്കോട് യൂണിറ്റിലെ ലാഭകരമല്ലാത്ത പ്രൊഡക്ഷൻ നിർത്തലാക്കി അവിടത്തെ തൊഴിലാളികളെ അവരുടെ ആവശ്യമനുസരിച്ച് സ്വയം വിരമിക്കൽ പദ്ധതി നടപ്പിലാക്കുകയോ മറ്റു യൂണിറ്റിലേക്ക് മാറ്റുകയോ ചെയ്യാനാണ് സർക്കാരിന്റെ നിർദ്ദേശം. ഇതനുസരിച്ച് കമ്പനി നോട്ടീസ് നൽകി. 49 തൊഴിലാളികൾ സ്വമേധയാ വി.ആർ.എസിന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ചിട്ടില്ല.

പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണം

17 [445] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly